# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :28.04.2023

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ, 08.02.2023ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 01.04.2023 മുതൽ 31.03.2027 വരെയുള്ള വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷൻ (ഒ.പി 18/2023) കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകര്യാർത്ഥം നേരിട്ടുള്ള പൊതുതെളിവെടുപ്പ് കമ്മീഷൻ 08.05.2023നും, 09.05.2023നും, 10.05.2023നും, 15.05.2023നും താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത പൊതുതെളിവെടുപ്പിന്റെ വിശദാംശങ്ങൾ താഴെകൊടുത്തിരിക്കുന്നു:

| തീയതി | സമയം | വേദി | സ്ഥലം |
|---|---|---|---|
| 08.05.2023 | രാവിലെ 11:00ന് | നളന്ദ ആഡിറ്റോറിയം | കോഴിക്കോട് |
| 09.05.2023 | | ജില്ലാ പഞ്ചായത്ത് ഹാൾ | പാലക്കാട് |
| 10.05.2023 | | കൊച്ചിൻ മുൻസിപ്പൽ കോർപ്പറേഷൻ, നോർത്ത് ടൗൺഹാൾ | എറണാകുളം |
| 15.05.2023 | | ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഹാൾ, വെള്ളയമ്പലം | തിരുവനന്തപുരം |

പ്രസ്തുത പൊതുതെളിവെടുപ്പിൽ പൊതുജനങ്ങൾക്കും, മറ്റു തൽപ്പര കക്ഷികൾക്കും പങ്കെടുക്കാവുന്നതും നേരിട്ട് അഭിപ്രായങ്ങൾ സമർപ്പിക്കാവുന്നതുമാണ്.

കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ/ഇ-മെയിൽ (kserc@erckerala.org) മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 15.05.2023, 05:00 PM വരെ സ്വീകരിക്കുന്നതാണ്.

സെക്രട്ടറി